TUESDAY 05.12.2023 ചൊവ്വാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)05/12/2023

1. ജനങ്ങളുമായി നേരിട്ട് സംവദിച്ച് ഭരണ പുരോഗതി വിലയിരുത്താനും ജനാഭിപ്രായം തേടാനും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിസഭയൊന്നാകെ 140 നിയോജക മണ്ഡലങ്ങളിലൂടെയുള്ള പര്യടനം നടത്തുന്നു. നവകേരള സദസ്സ് 2023 ഇന്ന് തൃശ്ശൂർ ജില്ല യിലെ മണലൂർ, നാട്ടിക, ഒല്ലൂർ എന്നീ മണ്ഡലങ്ങളിൽ സംഘടിപ്പിക്കുന്നു.

2. ഡിസംബർ 5 ലോക മണ്ണ് ദിനം, ഈ വർഷത്തെ ലോക മണ്ണ് ദിനാഘോഷ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം ഡിസംബർ 5ന് രാവിലെ 10 മണിക്ക് കൃഷി വകുപ്പ് മന്ത്രി ശ്രീ. പി പ്രസാദ് ഓൺലൈനായി നിർവഹിക്കുന്നു. ചടങ്ങിൽ കാട്ടാക്കട എംഎൽഎ ശ്രീ ഐ ബി സതീഷ് അധ്യക്ഷത വഹിക്കുന്നു.

3. ഉത്തരമേഖല കാർഷിക ഗവേഷണകേന്ദ്രം പിലിക്കോട്, 2024 ജനുവരി 4 മുതൽ 14 വരെ നടത്താൻ തീരുമാനിച്ചിരിക്കുന്ന "RARS ഫാം കാർണിവൽ 2024" ലേക്ക് കൃഷി, കൃഷി-അനുബന്ധ മേഖലയിലെ കർഷകരുടെ ഉൽപ്പന്ന വിപണനം എന്നിവയുടെ സ്റ്റാൾ നടത്തിപ്പിനായി താല്പര്യ പത്രം ക്ഷണിക്കുന്നു. താല്പര്യമുള്ളവർ 7558813523 / 7306234758 എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെട്ട് അപേക്ഷ പൂരിപ്പിച്ച് pranavsuresh1996@gmail.com എന്ന ഇ മെയിൽ ലേക്ക് ഡിസംബർ 11ന് 4 മണിയ്ക്ക് മുമ്പായി അയക്കേണ്ടതാണ്.

4. കാർഷികപ്പെരുമയുടെ നേർക്കാഴ്ച ഒരുക്കി 14 ആമത് ഓണാട്ടുകര കാർഷികോത്സവം 2023 ഡിസംബർ 27മുതൽ 31വരെ ആലപ്പുഴ ജില്ലിയലെ ആവണി ഗ്രൗണ്ട് പറയംകുളം ചാരുമൂട് വച്ച് നടത്തപ്പെടുന്നു. ഇതോടനുബന്ധിച്ച് കാർഷിക

പ്രദർശനം, കന്നുകാലി പ്രദർശനം, കാർഷിക സ്റ്റാളുകൾ, കാർഷിക സെമിനാർ, കാർഷിക മത്സരം, നാടൻ ഭക്ഷ്യമേള, വിദ്യാർത്ഥികളുടെ ക്വിസ് മത്സരം, സർക്കാർ സർക്കാരേതര സ്റ്റാളുകൾ, കലാ-സാംസ്കാരിക സായാഹ്നങ്ങൾ എന്നിവ ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9446513771, 9447430589 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

5. **മൈക്രോഇറിഗേഷൻ** എന്ന വിഷയത്തിൽ ഡിസംബർ 11- ന് ( 11.12.23) ICAR കൃഷി വിജ്ഞാൻ കേന്ദ്രത്തിന്റെയും വെള്ളനാട് മിത്രാനികേതന്റെയും ആഭിമുഖ്യത്തിൽ നടത്താൻ നിശ്ചയിച്ചിരുന്ന ഏകദിനപരിശീലനം ചില സാങ്കേതിക കാരണങ്ങളാൽ മാറ്റി വച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

6. കൃഷി വകുപ്പിന്റെ എറണാകുളം, തൃശ്ശൂർ ജില്ലകളുടെ പരിശീലന കേന്ദ്രമായ മരട് ആർ.എ.റ്റി.റ്റി.സിയിൽ വെച്ച് ഡിസംബർ മാസം 5, 6, 7 തീയതികളിൽ **"തേനീച്ച വളർത്തൽ" – തേനിന്റെ മൂല്യ വർധിത ഉത്പന്നങ്ങളുടെ നിർമ്മാണം** എന്ന വിഷയത്തിലും, ഡിസംബർ 11, 12, 13 തിയതികളിൽ **"പഴം പച്ചക്കറി സംസ്കരണം" -വ്യവസായ അടിസ്ഥാനത്തിൽ സാധ്യതയും അവസരങ്ങളും'** എന്ന വിഷയത്തിലും പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ള എറണാകുളം, തൃശ്ശൂർ ജില്ലകളിലെ കർഷകർ **0484 2703838** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെട്ട് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 20 പേർക്കാണ് പങ്കെടുക്കാൻ അവസരം ലഭിക്കുക.

7. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതി ചെയ്യുന്ന കേരള സർക്കാർ സ്ഥാപനമായ ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് ഡിസംബർ 11 മുതൽ 21 വരെ

കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലുള്ളവർക്ക് പാലുൽപന്ന നിർമ്മാണത്തിൽ പരിശീലന പരിപാടി നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 135 രൂപ. പരിശീലത്തിന് താല്പര്യമുള്ളവർ ഡിസംബർ 7ന് വൈകുന്നേരം 5 മണിക്ക് മുൻപായി 0495 2414579 എന്ന ഫോൺ നമ്പർ മുഖാന്തിരമോ നേരിട്ടോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലന സമയത്ത് ആധാർ കാർഡിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്.

8. ഇടുക്കി ജില്ലയിലെ പാർത്തോട് കിസ്സാൻ സർവ്വീസ് സൊസൈറ്റിയും സ്പൈസസ് ബോർഡിന്റെയും സംയുക്താഭിമുഖ്യത്തിൽ കൃഷിയും ശാസ്ത്രീയ മാർഗ്ഗങ്ങളും എന്ന വിഷയത്തിൽ ഡിസംബർ 6 ന് രാവിലെ 10 മണിയ്ക്ക് പാർത്തോട് കിസ്സാൻ സർവ്വീസ് സൊസൈറ്റിയിൽ വച്ച് ഒരു പഠനക്ലാസ്സ് സംഘടിപ്പിക്കുന്നു. സ്പൈസസ് ബോർഡിലെ വിദഗ്ദ്ധർ ക്ലാസ്സുകൾ നയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9497790081.

9. ലോക മണ്ണ് ദിനാചരണത്തിന്റെ ഭാഗമായി വെള്ളായണി കാർഷിക കോളേജ് സോയിൽ സയൻസസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ഡിസംബർ 5, 6 തീയതികളിൽ ദേശീയസെമിനാറും വിവിധ ആഘോഷ പരിപാടികളും സംഘടിപ്പിക്കും. കാർഷിക കോളേജ് ഡീൻ ഡോക്ടർ റോയി സ്റ്റീഫന്റെ അദ്ധ്യക്ഷതയിൽ കേരള കാർഷിക സർവകലാശാല വൈസ്ചാൻസലർ ഡോ. ബി. അശോക് ഉദ്ഘാടനം നിർവഹിക്കും.

10. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായ നാലാംഘട്ട കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ് തീവ്രയജ്ഞം സംസ്ഥാനത്ത് 2023 ഡിസംബർ 1-ാം തീയതി മുതൽ നടന്നുവരികയാണ്. 2009 ലെ മൃഗങ്ങൾക്കുള്ള സാംക്രമിക രോഗ നിയന്ത്രണ/നിർമ്മാർജ്ജന ആക്ട് പ്രകാരം കുളമ്പുരോഗ കുത്തിവെയ്പ്പ് എടുക്കേണ്ടത് അനിവാര്യമാണ്. 2025 ഓടുകൂടി കുളമ്പുരോഗം നിയന്ത്രണ വിധേയമാക്കുന്നതിനും 2030 ഓടുകൂടി നിർമ്മാർജ്ജനം ചെയ്യുന്നതിനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇതുവഴി മാംസം,

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പാൽ, തുകൽ, അവയുടെ ഉപഉൽപ്പനങ്ങൾ എന്നിവയുടെ കയറ്റുമതിയാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്. നാല് മാസത്തിന് മുകളിൽ പ്രായമുള്ള പശു/എരുമ വർഗ്ഗത്തിലുള്ള ഉരുക്കൾക്കാണ് കുത്തിവയ്പ്പ് നൽകുന്നത്. (അവസാന മൂന്ന് മാസം ഗർഭാവസ്ഥയിലുള്ളവ/അസുഖമുള്ളവ/നാല് മാസത്തിന് താഴെ പ്രായമുള്ള കിടാങ്ങൾ എന്നിവയെ ഒഴിവാക്കും). വാക്സിനേഷൻ യജ്ഞം വിജയിപ്പിക്കുന്നതിന് സംസ്ഥാനം പൂർണ്ണമായും സജ്ജമാണ്. എല്ലാ കർഷകരും ഈ അവസരം പൂർണ്ണമായും പ്രയോജനപ്പെടുത്തി സ്വന്തം ഉരുക്കളെ പ്രതിരോധ കുത്തിവെയ്പ്പിന് വിധേയമാക്കേണ്ട താണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം